Registered KL/CR/TCR/353/2006-08
Licence No. KL/TCR/WPP-18/2006-2008
Licenced to post without prepayment
Posted at Thrissur RMS/2 on 20&21/12/2007

Keraleeyam
2007 December

Rs. 20/-

• നിലപാട്

# അതിരപ്പിള്ളി പദ്ധതി അനുവദിക്കില്ല

ചാലക്കുടിറിവർ പ്രൊട്ടക്ഷൻ ഫോറം

2006 ജൂൺ 15ന് നടന്ന തെളിവെടുപ്പിൽ പ്രകടിപ്പിക്കപ്പെട്ട പൊതുവികാരത്തെ തമസ്ക്കരിച്ചുകൊണ്ട്, പരിസ്ഥിതിനിയമങ്ങളുടേയും, കോടതിവിധികളുടെയും അന്ത:സത്തയെ ഉൾക്കൊള്ളാതെ, പിൻ വാതിൽ നീക്കങ്ങളിലൂടെയാണ് മൂന്നാംവട്ടവും അതിരപ്പിള്ളി പദ്ധതിക്ക് പാരിസ്ഥിതികാനുമതി ലഭ്യമാക്കിയിരിക്കുന്നത്. ഈ അനുമതിയുടെ പിൻബലത്തിൽ പദ്ധതി നടപ്പാക്കാമെന്ന് ഊറ്റം കൊള്ളുന്നവരെ ചില കാര്യങ്ങൾ ഓർമ്മിപ്പിക്കേണ്ടതുണ്ട്.

ഒരു പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച അവസാന വാക്കാണ് പാരിസ്ഥിതികാനുമതി എന്ന് ധരിക്കരുത്. ഇതിന് മുമ്പു രണ്ടുതവണ ഇതേ പദ്ധതിക്ക് ഇതേ മന്ത്രാലയം അനുമതി നൽകിയതാണ്. രണ്ടുതവണയും പദ്ധതിക്കെതിരായ പൊതു വികാരവും കോടതിയുടെ ഇടപെടലുകളും പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സമായി.

ഇപ്പോൾ ലഭിച്ചിട്ടുള്ള അനുമതി റദ്ദാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹർജികൾ ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. പദ്ധതിയുടെ നിഷ്ഫലതയും അതുകൊണ്ടുണ്ടാകുന്ന ദോഷങ്ങളും ജനങ്ങൾക്ക് ബോധ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. സാമൂഹ്യ സന്നദ്ധ സംഘടനകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും പദ്ധതിയ്ക്കെതിരായി അണിചേർന്നുകഴിഞ്ഞു. എന്നാൽ പദ്ധതിക്ക് ടെണ്ടർ നല്കാനും, വനഭൂമി ഏറ്റെടുത്ത് മരം മുറിയ്ക്കാനുമൊക്കെയുള്ള ശ്രമങ്ങളുമായി കെ. എസ്. ഇ. ബി. മുന്നോട്ടുപോകുകയാണ്.

• ഭാവിയിൽ ഉണ്ടാകാനിടയുള്ള വർദ്ധനവ് കൂടി കണക്കിലെടുത്താലും കേരളത്തിലെ ഊർജ്ജ ഉല്പാദന നില കെ.എസ്. ഇ. ബി. ചൂണ്ടികാണിക്കുന്നതുപോലെ അത്ര ആശങ്കാജനകമല്ല; അതിരപ്പിള്ളിയുടെ സംഭാവന മൊത്തം ഊർജ്ജാവശ്യത്തിന്റെ ഒരു ശതമാനം പോലുമില്ല. ഇത്രയും മുതൽ മുടക്കി പുതിയൊരു പദ്ധതി തുടങ്ങാതെ തന്നെ പ്രശ്ന പരിഹാരത്തിന് അനേകം ബദലുകളും സാധ്യതകളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

• പീക്ക് അവർ സ്റ്റേഷനായി പ്രവർത്തിപ്പിക്കുന്നതുകൊണ്ട് പുഴയുടെ സ്വാഭാവിക ഒഴുക്കിന് മാറ്റം വരും. വൈകുന്നേരങ്ങളിൽ വളരെ ഉയർന്ന അളവിലും മറ്റു സമയ ങ്ങളിൽ തീരെ കുറഞ്ഞ അളവിലുമാണ് ജലം ഒഴുകുക. ഒഴുക്കിൽ വരുന്ന വൻവ്യതിയാനം പ്രധാനമായും രണ്ടു ദോഷങ്ങൾ ഉണ്ടാക്കും;

i) പ്രസിദ്ധമായ അതിരപ്പിള്ളി വാഴച്ചാൽ വെള്ളച്ചാട്ടങ്ങളുടെ ആകർഷണീയത ഇല്ലാതാകും.

ii) ചാലക്കുടി റിവർ ഡൈവർഷൻ സ്കീമിന്റെ (CRDS) പ്രവർത്തനത്തെ തകരാറിലാക്കും. 15,000 ഹെക്ടർ സ്ഥലത്തെ ജലസേചന സൗകര്യത്തേയും കുടിവെള്ള ലഭ്യതയെയും ബാധിക്കും.

• പൊകലപ്പാറ, വാഴച്ചാൽ ആദിവാസി കോളനികളിലെ 80ഓളം കാടർ കുടുംബങ്ങളെ വഴിയാധാരമാകും.

• അത്യപൂർവ്വമായ പുഴയോരക്കാടുകൾ നശിക്കും. വിവിധയിനം വന്യജീവികളുടേയും, മത്സ്യങ്ങളുടേയും, പക്ഷികളുടേയും, ശലഭങ്ങളുടേയും, സസ്യജാലങ്ങളുടേയും നാശത്തിനുകാരണമാവും

• കെ. എസ്. ഇ. ബി.ക്ക് തന്നെ പ്രതിവർഷം കുറഞ്ഞത് 100 കോടി രൂപയുടെ നഷ്ടം ഉണ്ടാക്കും.

അതിരപ്പിള്ളി സത്യാഗ്രഹത്തിന്റെ രണ്ടാംവാർഷികാചരണം ഡിസംബർ 22, 23 തിയ്യതികളിൽ അതിരപ്പിള്ളിയിൽ നടക്കും. ഡിസം. 22 ശനിയാഴ്ച കാലത്ത് 10 മണിക്ക് വി.എം. സുധീരൻ ഉദ്ഘാടനം നിർവ്വഹിക്കും. 12 മണിക്ക് സി.കെ. പത്മനാഭൻ സത്യാഗ്രഹികളെ അഭിസംബോധന ചെയ്യും. നെല്ലായി സോപാനം സംഗീത സഭയുടെ സംഗീതാർച്ചനയും പരിസ്ഥിതി പ്രവർത്തകരുടെ ഒത്തുച്ചേരലും ഡിസംബർ 23 ന് നടക്കും. സമരത്തിന് ശക്തിപകർന്നുകൊണ്ട് വിവിധ സംഘടനകൾ സംഘടിപ്പിക്കുന്ന പരിപാടികളും തിയ്യതികളും താഴെ.

ഇരുചക്രവാഹനറാലി - സോളിഡാരിറ്റി യൂത്ത്മൂവ്മെന്റ് (ഡിസം. 27), ഏറിയാട് മുതൽ അതിരപ്പിള്ളി വരെ.

സർവ്വജനസദസ്സ് - കർഷകമുന്നേറ്റം (ഡിസം. 28) ചാലക്കുടിയിൽ.

പോസ്റ്റർ പ്രദർശനവും സംവാദവും - ഫാസ് പാഡി (ഡിസം. 29) കോടാലി ആൽത്തറ ജംഗ്ഷനിൽ.

കലാകാരന്മാരുടെ കൂട്ടായ്മ - ചാലക്കുടി ആർട്സ് ഗ്രൂപ്പ് (ഡിസം. 30), ചാലക്കുടി.

ജനുവരി 4 ന് എം.പി. വീരേന്ദ്രകുമാർ എം.പി. പദ്ധതി പ്രദേശം സന്ദർശിക്കുന്നു.

*ബന്ധങ്ങൾക്ക് : 9249898773, 9895977769, 9847272117*




അതിരപ്പിള്ളി/ചാലക്കുടിപ്പുഴ സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള വിഭവശേഖരണത്തിനും പ്രചരണത്തിനുമായി എൻ.എ. നസീറിന്റെ എട്ട് ഫോട്ടോകളുമായി ആശംസകാർഡുകൾ തയ്യാറായിരിക്കുന്നു. താല്പര്യമുള്ളവർ ബന്ധപ്പെടുക.
പുഴ സംരക്ഷണസമിതി, ചൈതന്യ, പരിയാരം പി.ഒ., 9447474252, 9249898773

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Pattabhedham Printers, Thrissur-2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com